3 (2381) ഡോക്ടർ ബാബു വിജയനാഥ് കമ്മിഷൻ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർ ബാബു വിജയനാഥ് ഏകാംഗ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവും വികസനവും ഉറപ്പാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ശുപാർശകളിൽ എന്തെല്ലാമാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത ശുപാർശകൾ കൂടി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു.†

(ബി)ആന്റ്(സി) ശുപാർശകളിൽ പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റ് പുതുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ ശുപാർശ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പുള്ളുവൻ, ചെമ്മാൻ, എന്നീ സമുദായങ്ങളുടെ ജാതിപ്പേരിലെ അക്ഷര പിശകുകൾ പരിഹരിച്ചുത്തരവായിട്ടുണ്ട്. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 5 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിന് പുറമെ സ്റ്റൈപ്പന്റും വിതരണം ചെയ്ത് വരുന്നു. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് എല്ലാ ഹോസ്റ്റലുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോഴ്സുകൾക്ക് എൻ.സി.വി.റ്റി. അംഗീകാരം ചിലതിന് ലഭിക്കുകയും മറ്റുള്ളവക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. തൊഴിൽപരമായ സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിന് കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ വഴി വിപുലമായ രീതിയിൽ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗവൺമെന്റു സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റിക്രൂട്ടുമെന്റു വഴിയുള്ള നിയമനവും നടക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് പുനഃസംഘടിപ്പിച്ച് 15000-ത്തിൽ കൂടുതൽ പട്ടികജാതി വിഭാഗക്കാർ ഉള്ള 65 ബ്ലോക്കിൽ ഓരോ ബി.ഇ.ഒ.മാരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

4 (2382) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ്

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ബാധകമാകും വിധം ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഡ്യയിലെ ഏതെങ്കിലും സംസ്ഥാനങ്ങളിൽ മുഴുവൻ പട്ടിക ജാതി-പട്ടികവർഗ്ഗക്കാരേയും ഇൻഷ്വർ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതേ മാതൃകയിൽ കേരളത്തിലും ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ഏതെങ്കിലും സംസ്ഥാനത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി യിട്ടുണ്ടോയെന്ന് പരിശോധിച്ച് ഇക്കാര്യത്തിൽ വേണ്ട നടപടി കൈക്കൊള്ളു ന്നതാണ്.

5 (2383) പട്ടികവിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നൽകുന്നതിന് പദ്ധതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ട എല്ലാ ഭവനരഹിതർക്കും വീട് നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണന യിലുണ്ടോ: എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഈ വർഷം സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതി ലേക്കുവേണ്ടി എന്തു തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചി ട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഒമ്പതാം പഞ്ചവൽസര പദ്ധതി പൂർത്തീകരണത്തോടെ പട്ടിക വിഭാഗത്തിലെ എല്ലാ ഭവനരഹിതർക്കും വീട് നൽകാൻ നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പാ ക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കു പുറമേ ഗ്രാമവികസന വകുപ്പിന്റെ ജെ.ആർ.വൈ., ഐ.എ.വൈ. പദ്ധതികളും, ഹൗസിംഗ് ബോർഡിന്റെ സഹക രണത്തോടെ നടപ്പാക്കുന്ന സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതിയും ഭവ നരഹിതരായ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും വീട് നൽകാനുദ്ദേശിച്ചു നടപ്പാക്കപ്പെടുന്നവയാണ്. ഇതു കൂടാതെ ത്രിതല പഞ്ചായത്തുകൾ അവർക്കു നൽകിയിട്ടുള്ള എസ്.സി.പി., റ്റി.എസ്.പി. ഗ്രാന്റ് ഇൻ എയ്ഡ് വിനിയോഗിച്ചും വീട് നിർമ്മിച്ചു നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly